JESUS REDEEMS MINISTRIES

# യുവജനലോകം

ജനുവരി 2026




ലോകത്തെ നോക്കി ഓടാതെ, കർത്താവിനെ നോക്കി

## യാചിക്കുവിൻ, അന്വേഷിക്കുവിൻ, മുട്ടുവിൻ!

# ആമുഖം

എന്റെ പ്രിയപ്പെട്ട യൗവന മകനെ, മകളേ!

കഴിഞ്ഞ വർഷം മുഴുവൻ കൺമണിപോലെ നിങ്ങളെ സംരക്ഷിക്കുകയും, ശക്തിപ്പെടുത്തുകയും കൃപയായി ഉപയോഗിക്കുകയും ചെയ്ത സർവ്വശക്തനായ കർത്താവിനെ സ്തുതിക്കുവിൻ.

എല്ലാ വർഷവും, കർത്താവ് തന്റെ വാഗ്ദത്ത പ്രകാരം യൗവനക്കാരായ നിങ്ങളെ വഴിനടത്തി. ഈ അന്ത്യകാല ഉണർവിൽ തലമുറയായ നിങ്ങൾ യാക്കോബിനെപ്പോലെ ദൈവവുമായി പോരാടുകയും, ധാരാളം കൃപകൾ പ്രാപിക്കുകയും വേണം. കർത്താവിനുവേണ്ടി എന്തും നേടാനുള്ള ഹൃദയം നിങ്ങൾക്കുണ്ടായിരിക്കണം. കർത്താവിന്റെ കൃപയോടുകൂടെ ശക്തിയും വരങ്ങളും പ്രാപിച്ച് ശുശ്രൂഷ ചെയ്യണമെന്ന ആഗ്രഹം നിങ്ങൾക്കുണ്ടായിരിക്കണം.

മത്തായി 7:7ൽ പറയുന്നതുപോലെ നാം യാചിക്കുമ്പോൾ നമുക്ക് കിട്ടും. നാം അന്വേഷിക്കുമ്പോൾ നാം കണ്ടെത്തും. നാം മുട്ടുമ്പോൾ തുറക്കപ്പെടും.



### നാം എന്താണ് യാചിക്കേണ്ടത്?

എലീശ ഇരട്ടി ആത്മാവിന്റെ പങ്ക് ചോദിച്ചു, ഏലീയാവിനുള്ളിലെ ആത്മാവിന്റെ വരങ്ങൾ കാണാൻ കഴിയുന്ന മൂർച്ചയേറിയ ആത്മീയ കണ്ണുകൾ എലീശയ്ക്കുണ്ടായിരുന്നു.



### നാം എന്താണ് അന്വേഷിക്കേണ്ടത്?

ലോകത്തിന്റെ മായയും ഇച്ഛയും അന്വേഷിച്ച് സാത്താൻ ഒരുക്കിയ കെണിയിൽ വീഴാതെ, ഉയരത്തിലുള്ളത് അന്വേഷിക്കണം. മോശെ പാപത്തിന്റെ നിത്യസുഖങ്ങൾ അന്വേഷിക്കാതെ, ദൈവഹിതം ചെയ്യുവാൻ തന്റെ ജനങ്ങളെയും തന്റെ ദൈവത്തെയും അന്വേഷിച്ചുപോയതുപോലെ ദൈവരാജ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് നാം ചിന്തിക്കണം.



### നാം എന്താണ് മുട്ടേണ്ടത്?

നമ്മുടെ മുന്നിൽ അടക്കപ്പെട്ടിരിക്കുന്ന എല്ലാ സുവിശേഷ വാതിലുകളും തുറക്കപ്പെടുമെന്ന വിശ്വാസത്തോടെ മുട്ടണം. യെരീഹോയുടെ വാതിൽ അടഞ്ഞിരുന്നെങ്കിലും, വിശ്വാസത്തിന്റെ യോദ്ധാവായ യോശുവയുടെ വിശ്വാസത്തിന്റെ വരം അദ്ദേഹത്തിന് മുന്നോട്ട് പോകുവാനുള്ള ശക്തി നൽകി. ഇസ്രായേൽ സഭ മുഴുവനും അണിനിരന്നു. യെരീഹോ കോട്ട പിടിച്ചെടുക്കുകയും തീക്കിരയാക്കുകയും ചെയ്തു.

പ്രിയപ്പെട്ട യൗവന മകനെ(ളേ), നീ ചോദിച്ചാൽ കർത്താവ് നിനക്ക് ദേശം തരും. നീ യോശുവയുടെ സന്തതിയാണ്, എല്ലാ അതിരുകളും അവകാശമാക്കാനുള്ള മനസ്സ് നിനക്കുണ്ടായിരിക്കണം. സ്കൂൾ മുതൽ കോളേജ്, യൂണിവേഴ്സിറ്റി വരെ യേശുവിന്റെ സ്നേഹം അറിയിക്കുവാൻ ആഗ്രഹത്തോടെ പുറപ്പെടുവിൻ....

**കർത്താവ് നിനക്കായി വരങ്ങൾ നൽകും,**
**കർത്താവ് നിനക്കായി വാതിലുകൾ തുറക്കും,**
**അന്വേഷിച്ചാൽ നീ പുതിയ വഴികൾ കണ്ടെത്തും!!**

ക്രിസ്തുവിന്റെ വേലയിൽ
**മോഹൻ സി. ലാസറസ്.**

JESUS REDEEMS MINISTRIES

# യേശു വിടുവിക്കുന്നു

# ശുശ്രൂഷ ദർശനം!



JESUS REDEEMS MINISTRIES

**50 CRORE GOSPEL**
**5 CRORE SOULS**

VISION 2030

2021-2030 നുള്ളിൽ (10 വർഷത്തിനുള്ളിൽ) 50 കോടി ആത്മാക്കളോട് സുവിശേഷം അറിയിച്ച്, 5 കോടി ആത്മാക്കളെ രക്ഷയിലേക്ക് നയിച്ച് സ്വർഗ്ഗരാജ്യത്തിലേക്ക് കൊണ്ടുവരിക എന്നതാണ് യേശു വിടുവിക്കുന്നു ശുശ്രൂഷയുടെ പ്രധാന ദർശനം.



## യുവജന ശുശ്രൂഷ ദർശനം!

10 വർഷത്തിനുള്ളിൽ 8 കോടി യൗവനക്കാരോട് സുവിശേഷം അറിയിച്ച്, 8 ലക്ഷം യൗവനക്കാരെ കർത്താവിനുവേണ്ടി തീക്ഷ്ണതയുള്ള ഒരു സൈന്യമാക്കി ഉയർത്തുക എന്ന മഹത്തായ ദർശനത്തിന് അനുസൃതമായി, യുവജന ശുശ്രൂഷ കഴിഞ്ഞ വർഷം (2025 Jan -Nov) വിവിധ ശുശ്രൂഷകൾ നിർവഹിച്ചു. 37,46,230 യൗവനക്കാരോട് സുവിശേഷം അറിയിക്കുവാനും, 1,59,950 പേരെ രക്ഷയിലേക്ക് നയിക്കുവാനും കർത്താവ് കൃപ നൽകി.







# വിട്ടുകൊടുക്കാത്തവൻ!

ഈ ലോകത്ത് പല ശുശ്രൂഷകരും പ്രശസ്തരാകാൻ പരിശ്രമിക്കുമ്പോൾ, തങ്ങളിൽ ദൈവസാന്നിധ്യം സമൃദ്ധമാകാൻ പരിശ്രമിക്കുന്ന ചുരുക്കം ചില ശുശ്രൂഷകരെ മാത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. തന്റെ ഗാനങ്ങളിലൂടെ ദൈവസാന്നിധ്യം വെളിപ്പെടുത്തി ശുശ്രൂഷ ചെയ്യുന്ന ഒരു ശുശ്രൂഷകന്റെ ജീവിത സാക്ഷ്യമാണ് ഇന്ന് നമ്മൾ കാണാൻ പോകുന്നത്. കർത്താവിൽ നിന്ന് തനിക്ക് ലഭിച്ച ഗാനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക മാത്രമല്ല, സഭയുടെ പട്ടക്കാരനായി സേവനമനുഷ്ഠിക്കുന്ന പാസ്റ്റർ ഡേവിഡ് സാം ജോയ്സണിന്റെ അനുഭവം നമുക്ക് കേൾക്കാം...?

## നിങ്ങളുടെ കുട്ടിക്കാലത്തെയും കുടുംബത്തെയും കുറിച്ച് പറയാമോ?

കന്യാകുമാരി ജില്ലയിലെ നാഗർകോവിലിൽ പാസ്റ്റർ ജോയ്സണിന്റെയും ശ്രീമതി ലിസി ബായിയുടെയും അഞ്ചാമത്തെ മകനായി ഞാൻ ജനിച്ചു. എനിക്ക് 3 സഹോദരന്മാരും ഒരു സഹോദരിയുമുണ്ട്. ജോൺസൺ ജോയ്സൺ എന്റെ രണ്ടാമത്തെ സഹോദരനാണ്. ഞാൻ ജനിക്കുന്നതിനുമുമ്പ്, ഒരു ദൂതൻ എന്റെ അമ്മയുടെ അടുക്കൽ വന്ന്, "ഡേവിഡ് ജനിക്കുവാൻ പോകുന്നു" എന്നു പറഞ്ഞു, ദൈവത്തിന്റെ വാഗ്ദത്തപ്രകാരമാണ് ഞാൻ ജനിച്ചത്. ഒരു പാസ്റ്ററിന്റെ കുടുംബത്തിൽജനിച്ചതിനാൽ, കുട്ടിക്കാലം മുതൽ ഞാൻ ആത്മീയ കാര്യങ്ങളിൽ വളർത്തപ്പെട്ടു.

4 വയസ്സിൽ ഞാൻ തബല വായിക്കാൻ തുടങ്ങി. കുട്ടിക്കാലത്ത് തന്നെ എനിക്ക് തബല വാങ്ങിതന്ന് സഭയിൽ വായിപ്പിച്ചിരുന്നു. പത്താം ക്ലാസ് വരെ ലോകപ്രകാരമുള്ള കാര്യങ്ങളിലും ആത്മീയ ജീവിതത്തിലും വളരെ നല്ല രീതിയിൽ വളർത്തപ്പെട്ടു.

## പാസ്റ്ററുടെ കുടുംബമായതുകൊണ്ട് നിങ്ങൾ ഭയഭക്തിയോടിരുന്നിരിക്കും... നിങ്ങളുടെ കൗമാരപ്രായത്തിലെ ജീവിതം എങ്ങനെയായിരുന്നു?

പത്താം ക്ലാസിൽ പഠിക്കുമ്പോൾ, എന്റെ സ്നേഹിന്മാരെല്ലാവരും സ്നാനമേൽക്കുന്നുണ്ടെന്നറിഞ്ഞ്, ഞാൻ സ്നാനമേറ്റില്ലെങ്കിൽ പാസ്റ്റർ എന്തെങ്കിലും പറയുമെന്ന് കരുതി എന്റെ സ്നേഹിതരോടൊപ്പം സ്നാനമേൽക്കാൻ എന്നെ സമർപ്പിച്ചു. ആ സമയത്ത് ഞാൻ പൂർണ്ണമായി രക്ഷയുടെ അനുഭവത്തിൽ വന്നിരുന്നില്ല. സ്നാനമേറ്റതിനു ശേഷം പതുക്കെ പതുക്കെ ഞാൻ പിന്മാറുവാൻ തുട





ങ്ങി. പഠനത്തിലും എനിക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല. കൂട്ടുകാരോടൊപ്പം ചേർന്ന് നല്ല ഭക്ഷണം വാങ്ങി കഴിക്കാൻ ധാരാളം പണം ചെലവഴിക്കുന്നതല്ലാതെ വേറെ യാതൊരു തെറ്റായ ശീലവും എനിക്കില്ല. സഭയിൽ ചെയ്യേണ്ട എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്യും. പക്ഷേ കർത്താവും ഞാനുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. പന്ത്രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ ഞാൻ വളരെ പിന്നോക്കാവസ്ഥയിലേക്ക് പോയി. പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ വളരെ കുറഞ്ഞ മാർക്കോടെ പാസായി. അത് ഞാൻ പഠിച്ചതിന്റെ മാർക്കല്ല, എന്നാൽ എന്റെ മാതാപിതാക്കളുടെ പ്രാർത്ഥനയാണെന്ന് ഞാൻ പറയും. പതിനൊന്നാം ക്ലാസ്സ് മുതൽ ഇംഗ്ലീഷ് മീഡിയത്തിൽ ചേർന്ന് പഠിച്ചതിനാൽ, വിഷയങ്ങൾ വളരെ ബുദ്ധിമുട്ടായിരുന്നു. ഞങ്ങളുടെ വീട്ടിൽ എല്ലാവരും എഞ്ചിനീയറിംഗ് പഠിച്ചതുകൊണ്ട് ഞാനും എഞ്ചിനീയറിംഗ് പഠിച്ചു. എങ്ങനെയോ എന്റെ മാർക്കിന് ഒരു കോളേജിൽ സീറ്റ് ലഭിച്ചു, BE പഠിച്ചു.

## കോളേജിൽ പോയ നിങ്ങൾ എങ്ങനെയാണ് രക്ഷ പ്രാപിച്ചത്?

മൂന്നാം വർഷം വരെ എന്റെ ജീവിതം വളരെ പിന്മാറ്റത്തിലായിരുന്നു. മൂന്നാം വർഷം ഒരു ദിവസം എന്റെ സുഹൃത്ത് എന്നെ വിളിച്ചു, "ഡേവിഡ്, നീ ഏത് വഴിയിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്? നീ ആരുടെ മകനാണെന്ന് നിനക്കറിയാമോ? നിന്റെ ജീവിതത്തിലൂടെ കർത്താവ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് നിനക്കറിയാമോ?" എന്നിങ്ങനെ പല കാര്യങ്ങളെക്കുറിച്ച് എന്നോട് സംസാരിച്ചു. അതിനുമുമ്പും ധാരാളം advice നൽകിയിരുന്നു. അപ്പോഴൊന്നും എന്റെ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണുനീർ പോലും വന്നില്ല. എന്നാൽ അന്ന് അദ്ദേഹം സംസാരിച്ചപ്പോൾ എന്റെ ഹൃദയം തകർന്നു, കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. "ഡേവിഡ് നിന്റെ ജീവിതം സൂക്ഷിച്ചുകൊൾക, കർത്താവ് നിന്നെ സ്നേഹിക്കുന്നു" എന്ന് പറഞ്ഞു അദ്ദേഹം



കടന്നുപോയി. എനിക്ക് കണ്ണുനീർ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ എന്റെ മുറിയിൽ പോയി, കർത്താവേ എന്നോട് ക്ഷമിക്കേണമേ എന്ന് നിലവിളിച്ച് കരഞ്ഞുകൊണ്ട് എന്നെ സമർപ്പിച്ച ആ ദിവസമാണ് ഞാൻ രക്ഷ പ്രാപിച്ചത്. ഞാൻ എന്റെ മാതാപിതാക്കളുടെ അടുക്കൽ പോയി ക്ഷമ ചോദിച്ചു. 5 സെമസ്റ്ററുകളിൽ പരാജയപ്പെട്ട ഞാൻ എന്നെത്തന്നെ കർത്താവിന് സമർപ്പിച്ചതിനെ തുടർന്ന് എല്ലാ വിഷയങ്ങളിലും വിജയിച്ചു. അതിനുശേഷം എന്റെ ആത്മീയ ജീവിതം മാറാൻ തുടങ്ങി. എന്റെ അവസാന വർഷ പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് കർത്താവ് എന്നെ ശുശ്രൂഷയ്ക്കായി വിളിച്ചു.

## സൂപ്പർ... ശുശ്രൂഷയുടെ വിളി ലഭിച്ചയുടനെ നിങ്ങൾ ശുശ്രൂഷയിലേക്ക് വന്നോ?

ഇല്ല... ജോലി ചെയ്യണം എന്നതായിരുന്നു എന്റെ ആഗ്രഹം. ആ സാഹചര്യത്തിൽ, ഒരു ദിവസം ഞാൻ എന്റെ പിതാവിനൊപ്പം കേരളത്തിലേക്ക് പോകുമ്പോൾ, "ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു, നിന്നിൽ ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തും" എന്ന് കർത്താവ് എന്നോട് സംസാരിച്ചു. കേരളത്തിൽ നിന്നും മടങ്ങിയെത്തിയപ്പോൾ, ഞാൻ കർത്താവിനോട് ഒരു അടയാളം ചോദിച്ചു, അഭിമുഖത്തിൽ പങ്കെടുത്ത് ജോലിക്കുള്ള നിയമന ഉത്തരവ് ലഭിച്ച ശേഷം ഞാൻ ശുശ്രൂഷ ചെയ്യാം എന്ന് പ്രാർത്ഥിച്ചു. അതുപോലെ 60 പേർ പങ്കെടുത്ത അഭിമുഖത്തിൽ 5 പേർക്ക് മാത്രമേ ജോലി ലഭിക്കൂ എന്ന് അവർ പറഞ്ഞു. ഞാൻ നാല് റൗണ്ടും പൂർത്തിയാക്കി അവസാന റൗണ്ടിലേക്ക് പോയപ്പോൾ വളരെ ബുദ്ധിമുട്ടുള്ള ചോദ്യങ്ങളാണ് അവർ ചോദിക്കുന്നതെന്ന് എന്റെ സുഹൃത്ത് പറഞ്ഞു. എന്നെക്കാൾ കഴിവുള്ളവരെയും, നന്നായി ഇംഗ്ലീഷ് സംസാരിക്കുന്നവരെയും അവർ ഒഴിവാക്കി, എന്നെ ബാംഗ്ലൂരിലേക്ക് ജോലിക്ക് Appointment order

നൽകി. ആ കത്ത് എന്റെ കൈയിൽ ലഭിച്ചയുടനെ ശുശ്രൂഷയ്ക്കായി എന്നെ സമർപ്പിച്ചു, 3 വർഷം ബൈബിൾ കോളേജിൽ പഠിച്ചു.

### സൂപ്പർ... കർത്താവിന്റെ ശുശ്രൂഷ ചെയ്യാൻ സമർപ്പിച്ചു... നിങ്ങളുടെ ശുശ്രൂഷയെക്കുറിച്ച് പറയാമോ?

ആദ്യകാലങ്ങളിൽ ഞാൻ പിതാവിനോടൊപ്പം ശുശ്രൂഷയ്ക്ക് പോകുമായിരുന്നു. ആ സമയത്ത് ചില സ്ഥലങ്ങളിൽ ഞാൻ പാടുമായിരുന്നു.



അതിനുശേഷം ഞാൻ എന്റെ സഹോദരനോടൊപ്പം ചേർന്നു. ലോക്ക്ഡൗൺ ദിവസങ്ങളിലാണ് കർത്താവ് എന്നെ കൂടുതൽ ഉപയോഗിക്കാൻ തുടങ്ങിയത്. വലിയ ശുശ്രൂഷകരോടൊപ്പം ശുശ്രൂഷ ചെയ്യാൻ കർത്താവ് എനിക്ക് കൃപ നൽകി. ഇപ്പോൾ ഞാൻ **FULL GOSPEL PENTECOSTAL CHURCH**ലെ പാസ്റ്ററാണ്. 2016ൽ 'എന്നൈ വിട്ടുകൊടുക്കാതവർ' എന്ന ഗാനം നൽകി. തുടർന്ന്, 'എന്നാൽ ഒന്നും കൂടാത് എന്ന് എന്നൈ നാൻ തന്തു വിട്ടേൻ', 'അത്ഭുതം സെയ്യുങ്കപ്പാ എങ്കൾ വാഴ്ക്കയിൽ' എന്നിങ്ങനെ ധാരാളം ഗാനങ്ങൾ നൽകുകയും അതിലൂടെ നിരവധി സാക്ഷികൾ കേൾക്കുകയും ചെയ്തപ്പോൾ എനിക്ക് കൂടുതൽ ശക്തി ലഭിച്ചു. ദൈവനാമം മഹത്വപ്പെട്ടു.

### നിങ്ങളുടെ വിവാഹ ജീവിതത്തെക്കുറിച്ച് പറയാമോ?

2016ലാണ് ഞാനും ആലീസും വിവാഹിതരായത്. ഒരു വർഷം കഴിയുന്നതുവരെ ഞങ്ങൾ ഒരു കുഞ്ഞിനെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. ഒരു വർഷത്തിനുശേഷം ചിലർ പറഞ്ഞ വാക്കുകൾ ഞങ്ങളെ വളരെയധികം വേദനിപ്പിച്ചു. എന്റെ ഭാര്യ എന്നെക്കാൾ കൂടുതലായി ബാധിക്കപ്പെട്ടു.

എന്റെ ശാരീരികാവസ്ഥയും എന്റെ ഭാര്യയുടെ ശാരീരികാവസ്ഥയെക്കുറിച്ചും ഞങ്ങൾക്കറിയാം. പക്ഷേ നിന്റെ സന്തതികളെ അനുഗ്രഹിക്കും എന്ന് കർത്താവ് നൽകിയ വാഗ്ദത്തം എന്നെ ബലപ്പെടുത്തി.

എന്റെ ഭാര്യയുടെ വിശ്വാസത്തോടുള്ള പ്രാർത്ഥന നിമിത്തം 2022 ജൂലൈയിൽ കർത്താവ് ഞങ്ങൾക്ക് ഐസക് സാം ജോയ്സൺ എന്ന ആൺകുട്ടിയെ നൽകി അനുഗ്രഹിച്ചു. കർത്താവ് അരുളിച്ചെയ്തത് നിറവേറ്റി. ഇപ്പോൾ ഞങ്ങൾക്ക് 2 ആൺകുഞ്ഞുങ്ങളും ഒരു മകളും ഉണ്ട്. കർത്താവ് അരുളിച്ചെയ്തതുപോലെ, തലമുറകളെ നൽകി അനുഗ്രഹിക്കുകയും കുടുംബമായി ഞങ്ങളെ ഉപയോഗിക്കുകയും ചെയ്യുന്നു.

### യൗവനക്കാരോട് എന്താണ് പറയാനുള്ളത്?

കർത്താവിനോടൊപ്പം ചെലവഴിക്കാൻ ഏറ്റവും പ്രധാനപ്പെട്ട സമയമാണ് യുവത്വം. അതുകൊണ്ട്, യൗവനക്കാരായ നിങ്ങൾ നിങ്ങളെത്തന്നെ പൂർണ്ണമായും കർത്താവിന് സമർപ്പിക്കുമ്പോൾ, കർത്താവ് നിങ്ങളെ അധികമായി ഉപയോഗിക്കും. കർത്താവിന് ഹിതമല്ലാതെ ജീവിച്ചിരുന്ന എന്നെ ആരുടെ കൈകളിലും വിട്ടുകൊടുക്കാതെ കർത്താവിനായി തിരഞ്ഞെടുത്ത് രൂപാന്തരപ്പെടുത്തുവാനും ഉപയോഗപ്പെടുത്തുവാനും കഴിഞ്ഞുവെങ്കിൽ, നിങ്ങളുടെ സാഹചര്യങ്ങൾ എന്തുതന്നെയായാലും, കർത്താവിനെ നിങ്ങൾ എത്ര ദൂരെ ഉപേക്ഷിച്ചാലും കർത്താവ് നിങ്ങളോട് ക്ഷമിക്കുകയും നിങ്ങളെ സ്വീകരിച്ച് ഉപയോഗപ്പെടുത്തുകയും ചെയ്യും!





# മാസിക ശുശ്രൂഷ

കഴിഞ്ഞ 2009 ാം വർഷം മുതൽ യുവജനലോകം മാസിക മലയാളം, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നി ഭാഷകളിൽ ഏകദേശം 19,000 കോപ്പികൾ അച്ചടിച്ച് തപാൽ വഴി യൗവനക്കാർക്ക് അയച്ചുവരുന്നു.


തെലുങ്ക്, കന്നഡ എന്നി ഭാഷകളിൽ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിരിക്കുന്നു. ഓരോ മാസവും 1000ത്തിലധികം പേർ ഇത് ഡൗൺലോഡ് ചെയ്ത് വായിക്കുകയും പ്രയോജനം നേടുകയും ചെയ്യുന്നു.

2025 മുതൽ ബംഗാളി ഭാഷയിലും വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുവാൻ കർത്താവ് കൃപ നൽകി.

ഈ വർഷം 2 ഭാഷകളിലേക്ക് കൂടി പരിഭാഷ ചെയ്യുവാൻ ഞങ്ങൾ പദ്ധതിയിടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.









# യുവജന ഉണർവ് യോഗം

യേശു വിടുവിക്കുന്നു യുവജന ശുശ്രൂഷയിലൂടെ 8 കോടി യുവജനങ്ങളോട് സുവിശേഷം അറിയിച്ച്, യൗവനക്കാരെ എഴുന്നേൽപ്പിക്കണം എന്ന ദർശനത്തോടെ, എല്ലാ താലൂക്കുകളിലെയും, ഗ്രാമങ്ങളിലെയും, ജില്ലകളിലെയും യൗവനക്കാരോട് ഈ ദർശനം പങ്കിടുകയും, ശുശ്രൂഷ ചെയ്യുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ വർഷം മാത്രം 6339 യൗവനക്കാരെ വാർത്തെടുക്കുവാനും, ലഘുലേഖകളിലൂടെ സുവിശേഷം അറിയിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുവാനും കർത്താവ് കൃപ നൽകി.



# പ്രാർത്ഥന





“യേശു വിടുവിക്കുന്നു യുവജന ശുശ്രൂഷയിലൂടെ 8 കോടി യുവജനങ്ങളോട് സുവിശേഷം അറിയിച്ച്, 80 ലക്ഷം യൗവനക്കാരെ നേടുവാൻ 80 ലക്ഷം മണിക്കൂർ പ്രാർത്ഥിക്കണം എന്ന ദർശനപ്രകാരം Igniters Fellowship, Warfare prayer, All Night Prayer, Google meet prayer, Conference call prayer എന്നിങ്ങനെ വിവിധ പ്രാർത്ഥനകളിലൂടെ 2025ൽ മാത്രം 5,79,096 മണിക്കൂർ പ്രാർത്ഥിക്കുവാൻ കർത്താവ് കൃപ നൽകി. അതുകൂടാതെ, ഉണർവ് ദർശനം നിറവേറ്റണമെന്ന ദർശനത്തോടെ ഉണർവിനായി പ്രാർത്ഥിക്കുവാൻ കർത്താവ് നമ്മെ നയിക്കുന്നു. ദൈവത്തിന് മഹത്വം!”



# യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവിൻ...

കർത്താവായ യേശുക്രിസ്തു ഓരോ വർഷവും നമുക്ക് നൽകുന്ന വാഗ്ദത്തമനുസരിച്ച് നാം പ്രാർത്ഥിക്കുമ്പോൾ, ആ വാഗ്ദത്തത്തിന്റെ അനുഗ്രഹങ്ങൾ നമ്മുടെ ജീവിതത്തിൽ നൽകുന്നതിൽ കർത്താവ് എന്നെന്നും വിശ്വസ്തനായിരിക്കുന്നു!

2025ൽ "കലങ്ങാതിരിക്കുവിൻ, ഞാൻ (കർത്താവ്) ... നിന്റെ അടുക്കൽ വന്നു, നിന്നെ അനുഗ്രഹിക്കും" (പുറ. 20:24) എന്ന് കർത്താവ് വാഗ്ദത്തം ചെയ്തതുപോലെ, ധാരാളം ജനങ്ങളെ നേരിൽ കണ്ട്, അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിച്ചതിനായി ഞാൻ കർത്താവിനെ സ്തുതിക്കുന്നു!

2026 ലെ വാഗ്ദത്തത്തിനായി ഞാൻ ദൈവസന്നിധിയിൽ ഉപവാസത്തോടെ പ്രാർത്ഥിച്ചപ്പോൾ, "നീ എന്നോട് യാചിച്ചാൽ, അത് ഞാൻ നിനക്ക് നൽകും! നീ എന്നെ അന്വേഷിച്ചാൽ, ഞാൻ എന്നെത്തന്നെ നിനക്കു വെളിപ്പെടുത്തും! നീ എന്റെ ഹൃദയ വാതിലിൽ മുട്ടിയാൽ, അത് തുറക്കപ്പെടും!" ( മത്തായി 7:7) എന്ന് വാഗ്ദത്തം നൽകി. ഈ വർഷത്തിനായി കർത്താവ് നൽകിയ വാഗ്ദത്തത്തിലെ 3 കാര്യങ്ങളെക്കുറിച്ച് നമുക്ക് ധ്യാനിക്കാം.

## യാചിക്കുവിൻ, കിട്ടും!

**"യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും" ( മത്തായി 7:7). എന്റെ അടുക്കൽ പ്രാർത്ഥിക്കാൻ വരുന്ന ചിലരോട് "എന്തിനുവേണ്ടിയാണ് ഞാൻ പ്രാർത്ഥിക്കേണ്ടത്?" എന്ന് ഞാൻ ചോദിക്കുമ്പോൾ ചിലർ വായ് തുറക്കില്ല. അവർ വായ് തുറക്കാതിരുന്നാൽ അവർക്ക് എന്താണ് വേണ്ടതെന്ന് എങ്ങനെ അറിയുവാനും പ്രർത്ഥിക്കുവാനും കഴിയും? മറ്റു ചിലർ, കർത്താവിന് എല്ലാം അറിയാം എന്നു പറയും. നിങ്ങൾക്ക് എന്താണ് ആവശ്യമെന്ന് കർത്താവിന് കൃത്യമായി അറിയാം! എന്നാൽ, നീ എന്നോട് ചോദിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു.**

**യേശുക്രിസ്തു ജനങ്ങൾക്ക് നന്മ ചെയ്തുകൊണ്ട് ചുറ്റിസഞ്ചരിച്ചപ്പോൾ, ബർത്തിമായി എന്നൊരു കുരുടൻ വഴിയരികിൽ ഇരുന്ന് യാചിച്ചുകൊണ്ടിരുന്നു. യേശു വരുന്നു എന്ന് കേട്ടപ്പോൾ: ദാവീദുപുത്രാ, യേശുവേ, എന്നോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു. അപ്പോൾ യേശു അവനോട്: ഞാൻ നിനക്ക് എന്തു ചെയ്തുതരേണമെന്ന് നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചപ്പോൾ, കർത്താവേ, എനിക്കു കാഴ്ച പ്രാപിക്കേണമെന്നു പറഞ്ഞയുടനെ യേശു അത്ഭുതം പ്രവർത്തിച്ച് അവന് വ്യക്തമായ കാഴ്ചശക്തി നൽകി (മർക്കൊസ് 10:46-52).**

**കർത്താവിന് എല്ലാം അറിയാം! എന്നാൽ നമ്മുടെ ഹൃദയത്തിലെ ആഗ്രഹം തന്നോട് പറയണമെന്ന് കർത്താവ് പ്രതീക്ഷിക്കുന്നു. അതുകൊണ്ടാണ് "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും" എന്ന് കർത്താവ് നമ്മോട് പറയുന്നത്.**

- **രണ്ട് കുരുടന്മാർ ദാവീദുപുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്ന് നിലവിളിച്ചപ്പോൾ യേശു അവർക്ക് വ്യക്തമായ കാഴ്ച നൽകി (മത്തായി 9:27-30).**
- **കുഷ്ഠരോഗിയായ ഒരു മനുഷ്യന് അത്ഭുതകരമായ രോഗസൗഖ്യം ലഭിച്ചു (മത്തായി 8:2,3)**
- **തന്റെ ബാല്യക്കാരനെ സൗഖ്യമാക്കി (മത്തായി 8:5-13).**



• **പിശാചിനാൽ പീഡിപ്പിക്കപ്പെട്ട കനാന്യ സ്ത്രീയുടെ മകൾക്ക് പൂർണ്ണമായ വിടുതൽ നൽകി (മത്തായി 15:22-28).**

• **പിശാചിനാൽ ബാധിക്കപ്പെട്ട മകനിൽ നിന്ന് ഭൂതത്തെ പുറത്താക്കി അവനെ വിടുവിച്ചു ( മത്തായി 17:14-18).**

• **അതുപോലെ നിങ്ങൾ യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുകയും, വിശ്വാസത്തോടെ കർത്താവിനോട് അപേക്ഷിക്കുകയും ചെയ്യുമ്പോൾ, തീർച്ചയായും കർത്താവ് നമുക്കുവേണ്ടി അത്ഭുതം ചെയ്യും.**

യേശുവിനെ അറിയാത്ത വളരെ ഭക്തനായ ഒരു സഹോദരന്15 വർഷമായി കുഞ്ഞുങ്ങളില്ലായിരുന്നു. ധാരാളം അധിക്ഷേപകരമായ വാക്കുകൾ അദ്ദേഹത്തെ വളരെ വേദനിപ്പിച്ചിരിന്നു. ചികിത്സയ്ക്കായി ധാരാളം പണം ചെലവഴിച്ചിട്ടും, പല ദൈവങ്ങളെ വിശ്വസിച്ചിട്ടും പ്രയോജനമില്ലാതെ മരിക്കാം എന്ന അവസ്ഥയിലെത്തിയപ്പോൾ, യേശുവിനെക്കുറിച്ച് കേൾക്കുകയും, വരുവിൻ പ്രാർത്ഥിക്കാം പരിപാടി കാണുവാനും തുടങ്ങി. ഒരു ദിവസം പരിപാടിയിൽ, സന്താനലബ്ദിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചപ്പോൾ, ഭാര്യയും ഭർത്താവും വളരെ കണ്ണുനീരോടെ, "യേശുവേ, അങ്ങേയ്ക്കായി വളർത്തുവാൻ ഞങ്ങൾക്ക് ഒരു കുഞ്ഞിനെ തരേണമേ" എന്ന് പ്രാർത്ഥിച്ചു. കർത്താവ് അവരുടെ പ്രാർത്ഥന കേട്ടു, കുഞ്ഞിനെ നൽകി തന്റെ നാമം മഹത്വപ്പെടുത്തി! അവരുടെ ദുഃഖം, നിന്ദ, ലജ്ജ, നിരാശ എന്നിവയെല്ലാം മാറി! ഒരു വലിയ സന്തോഷം ഉണ്ടായി!

അതേ കർത്താവ് ഇന്ന് നിങ്ങൾക്കുവേണ്ടി അത്ഭുതങ്ങൾ ചെയ്യുവാൻ പോകുന്നു! ഇന്ന് വിശ്വാസത്തോടെ കർത്താവിനോട് അപേക്ഷിക്കുവിൻ. എന്തെന്നാൽ, "യാചിക്കുന്ന ഏവനും ലഭിക്കുന്നു" (മത്തായി 7:8, ലൂക്കൊസ് 11:10) എന്ന് യേശുക്രിസ്തു അരുളിച്ചെയ്തിരിക്കുന്നു.

## അന്വേഷിപ്പിൻ കണ്ടെത്തും!

**"അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും" (മത്തായി 7:7).**

"പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും. നിങ്ങൾ എന്നെ കണ്ടെത്തുവാൻ ഞാൻ ഇടയാക്കും എന്ന് യഹോവയുടെ (യേശുക്രിസ്തു) അരുളപ്പാട്" **യിരെമ്യാവ് 29:13,14.**

2 ദിനവൃത്താന്തം 7:14ൽ "എന്റെ മുഖം അന്വേഷിക്കുവിൻ!" എന്ന് കർത്താവ് പറയുന്നു. നാം യേശുക്രിസ്തുവിനെ അന്വേഷിക്കണം. സാധാരണയായി നാം യേശുവിൽ നിന്നും അനുഗ്രഹങ്ങളാണ് അന്വേഷിക്കുന്നത്. കർത്താവിന്റെ കരങ്ങളിലെ നന്മകൾ തട്ടിയെടുക്കുവാൻ നാം ആഗ്രഹിക്കുന്നു. അതിലുപരി, ആ അനുഗ്രഹങ്ങളെല്ലാം നൽകുന്ന കർത്താവിനെ നാം അന്വേഷിക്കണം.

"ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീരിൽ ഇരുന്നുംകൊണ്ടു പ്രാർത്ഥനയോടും യാചനകളോടുംകൂടെ അപേക്ഷിച്ചു" എന്ന് ദാനീയേൽ പറഞ്ഞു (ദാനീയേൽ 9:3). കർത്താവ് ഒരു വ്യക്തിയെ കണ്ടുമുട്ടുന്നു എന്നത് സത്യമാണ്! നാം പൂർണ്ണഹൃദയത്തോടെ കർത്താവിനെ അന്വേഷിക്കുകയാണെങ്കിൽ കർത്താവ് തന്നെതന്നെ നമുക്ക് വെളിപ്പെടുത്തുമെന്നതും സത്യമാണ്! എന്നാൽ അതിനായി നമ്മെ തയാറാക്കേണ്ടത് വളരെ പ്രധാനമാണ്. നാം പൂർണ്ണഹൃദയത്തോടെ, വാഞ്ഛയോടെ, സ്വാർത്ഥതയില്ലാതെ കർത്താവിനെ അന്വേഷിക്കണം. അപ്പോൾ മാത്രമേ കർത്താവ് നമുക്ക് തന്നെ വെളിപ്പെടുത്തുകയുള്ളൂ. തമിഴ്നാട്ടിലെ രാമനാഥപുരത്ത് നിന്നുള്ള ഒരു യുവാവ് ക്രൈസ്തവ കുടുംബത്തിൽ ജനിച്ചെങ്കിലും, ദൈവത്തിൽ വിശ്വസിക്കാതെ ഒരു നിരീശ്വരവാദ പ്രസ്ഥാനത്തിൽ ചേർന്നു. അയാളുടെ ജീവിതം പുകവലിയും മദ്യപാനവും നിറഞ്ഞതായിരുന്നു. പെട്ടെന്ന് ഒരു ദിവസം യേശുക്രിസ്തു അദ്ദേഹത്തെ കണ്ടുമുട്ടി, തന്നെത്തന്നെ വെളിപ്പെടുത്തിയതു മുഖാന്തരം രക്ഷയുടെ വലിയ സന്തോഷം അദ്ദേഹത്തിനുണ്ടായി! പാപ അടിമത്തത്തിൽ നിന്ന് അദ്ദേഹത്തിന് ശാശ്വതമായ വിടുതലും ലഭിച്ചു.

ഒരു ദിവസം ആ യുവാവ് തന്റെ വീട്ടിലെ ഒരു മുറിയിൽ കയറി വാതിലടച്ച്, "എത്ര ദിവസമായാലും കുഴപ്പമില്ല! എനിക്ക് കർത്താവിനെ ദർശിക്കണം!" എന്ന അടങ്ങാത്ത ദാഹത്തോടെ മണിക്കൂറുകളോളം ഉപവാസത്തോടെ പ്രാർത്ഥിച്ചു. പൂർണ്ണഹൃദയത്തോടും വലിയ വാഞ്ഛയോടും അയാൾ കർത്താവിനെ അന്വേഷിക്കാൻ തുടങ്ങി.

പെട്ടെന്ന് ആ മുറിയിൽ ഒരു പ്രകാശം, ആ വെളിച്ചത്തിന്റെ മദ്ധ്യത്തിൽ മിന്നൽപ്പിണർ പോലെ ഒരു രൂപം നിൽക്കുന്നതായി അയാൾ കണ്ടു. സൂക്ഷിച്ചു നോക്കിയപ്പോൾ, യേശുക്രിസ്തു അവന് പ്രത്യക്ഷപ്പെട്ടു, തന്നെ വെളിപ്പെടുത്തുക മാത്രമല്ല, അയാളെ ഒരു പ്രവാചകനായി അഭിഷേകം ചെയ്യുകയും ചെയ്തു. ആ യുവാവിന് അന്ന് കർത്താവിന്റെ ദർശനം ലഭിച്ചു. ഇന്ന് കർത്താവിന്റെ ശുശ്രൂഷ ശക്തമായി ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ പ്രിയ സഹോദരൻ പ്രവാചകൻ വിൻസെന്റ് സെൽവകുമാർ!



നാമും പൂർണ്ണഹൃദയത്തോടെ കർത്താവിനെ അന്വേഷിക്കുകയാണെങ്കിൽ, നമുക്ക് കർത്താവിനെ കണ്ടെത്താൻ കഴിയും. പിതാവായ ദൈവത്തെ വെളിപ്പെടുത്തുവാൻ യേശുക്രിസ്തു മനുഷ്യനായി ഈ ഭൂമിയിൽ വന്നു! അതുകൊണ്ട്, കർത്താവിനെ നമുക്ക് കാണുവാൻ കഴിയും! കർത്താവിന്റെ ശബ്ദം കേൾക്കുവാനും കഴിയും!

## മുട്ടുവിൻ, തുറക്കപ്പെടും!



"മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും" മത്തായി 7:7. കർത്താവ് ഇന്ന് നിങ്ങളെ നോക്കി, "എന്റെ മകനെ(ളെ), നീ മുട്ടിയാൽ നിനക്കായി തുറക്കപ്പെടും!" എന്ന് അരുളിച്ചെയ്യുന്നു.

ഇതിനെക്കുറിച്ച് യേശുക്രിസ്തു പറഞ്ഞ ഒരു ഉപമ നോക്കുവിൻ:

അർദ്ധരാത്രിയിൽ ഒരാൾ തന്റെ അടുത്ത വീട്ടിലെ സ്നേഹിതന്റെ വാതിലിൽ മുട്ടി അവനെ ഉണർത്തി സ്നേഹിതാ, "എന്റെ ഒരു സ്നേഹിതൻ വഴിയാത്രയിൽ എന്റെ അടുക്കൽ വന്നു , അവനു വിളമ്പിക്കൊടുപ്പാൻ എന്റെ പക്കൽ ഏതും ഇല്ല, എനിക്കു മൂന്നപ്പം വായ്പ തന്നാൽ ഞാൻ അവന് കൊടുത്ത് അവന്റെ വിശപ്പ് ശമിപ്പിക്കാമായിരുന്നു" എന്ന് പറഞ്ഞു. അതിന് അവൻ, "ഈ അർദ്ധരാത്രി എന്നെ പ്രയാസപ്പെടുത്തരുത്, കതക് അടച്ചിരിക്കുന്നു പൈതങ്ങളും എന്നോടുകൂടെ കിടക്കുന്നു എഴുന്നേറ്റു തരുവാൻ എനിക്കു കഴികയില്ല എന്ന് ഉത്തരം പറഞ്ഞു, അവൻ ലജ്ജ കൂടാതെ മുട്ടിക്ക നിമിത്തം അവന് വേണ്ടുന്നേടത്തോളം കൊടുക്കും" എന്ന് യേശുക്രിസ്തു പറഞ്ഞ ഒരു സംഭവം വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊസ് 11:5-8).

അതുപോലെ, നിങ്ങളും മുട്ടിയാൽ നിങ്ങൾക്കും തുറക്കപ്പെടും! നിങ്ങൾക്കുവേണ്ടി മാത്രമല്ല നിങ്ങളുടെ സ്നേഹിതർക്കും, ബന്ധുക്കൾക്കും, നിങ്ങളുടെ അടുത്ത് താമസിക്കുന്നവർക്കും, നിങ്ങളുടെ ഗ്രാമത്തിലെ ആളുകൾക്കും, നിങ്ങളുടെ നഗരത്തിലെ ആളുകൾക്കും, നിങ്ങളുടെ നാട്ടിലെ ആളുകൾക്കും വേണ്ടി നിങ്ങൾ കർത്താവിന്റെ ഹൃദയവാതിൽ മുട്ടണം. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് കർത്താവിന് പ്രിയവും, എത്ര വലിയ അനുഗ്രഹമാണെന്ന് നിങ്ങൾക്കറിയാമോ?

" സകല മനുഷ്യർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം .... അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു" (1തിമൊ.2:1-3) എന്ന് കർത്താവിന്റെ വചനം പറയുന്നു. മറ്റുള്ളവരുടെ ഭാരങ്ങൾ നമ്മുടെ ഭാരങ്ങളായി സ്വീകരിച്ച്, അവർക്കുവേണ്ടി ദൈവത്തിന്റെ മുന്നിൽ നിന്ന് സ്വർഗ്ഗത്തിന്റെ വാതിലിൽ മുട്ടിയാൽ കർത്താവ് തീർച്ചയായും ഉത്തരം നൽകും!

ഇന്ന് കർത്താവ് നിങ്ങളുടെ പ്രാർത്ഥനയ്ക്കായി കാത്തിരിക്കുന്നു.

നാമും പൂർണ്ണഹൃദയത്തോടെ കർത്താവിനെ മുട്ടിയാൽ, അടഞ്ഞ വാതിലുകൾ തുറക്കപ്പെടും! കർത്താവ് നമുക്ക് നൽകിയ വാഗ്ദത്തങ്ങൾ ദിവസവും ഏറ്റുപറഞ്ഞ്, നന്ദിയർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ എല്ലാ ദിവസവും നമുക്ക് അത്ഭുതങ്ങൾ പ്രാപിക്കാം.


## ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ, തേക്കുംമൂട്, കണ്ണമ്മൂല റോഡ്, തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State.

**Kottayam**
2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# ഉണർവ്
# (Fire Team) സൈന്യം

യേശു വിടുവിക്കുന്നു ശുശ്രൂഷയിലൂടെ യുവജന ഉണർവ് സൈന്യം എഴുന്നേൽക്കണം എന്ന് യേശുക്രിസ്തു അരുളിച്ചെയ്ത പദ്ധതിപ്രകാരം, കഴിഞ്ഞ 2021 മുതൽ ഉണർവ് സൈന്യത്തിലെ 26 യൗവനക്കാർ 3½ വർഷം പരിശീലനം പ്രാപിച്ചു, ഇന്ന് കർത്താവ് അവരെ ശക്തമായി ഉപയോഗിച്ചുവരുന്നു.  സാധാരണ യൗവനക്കാരെക്കൊണ്ട് അസാധാരണ കാര്യങ്ങൾ ചെയ്യുമെന്ന് തന്റെ വചനത്തിലൂടെ അരുളിച്ചെയ്ത കർത്താവ് അത് നിറവേറ്റിക്കൊണ്ടിരിക്കുന്നു. കർത്താവിന് മഹത്വം!









# ഉണർവ് മിഷണറികൾ

(Revival Missionaries)

















തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളെ 7 സോണുകളായി തിരിച്ച്, 38 ഉണർവ് മിഷണറിമാർ ഓരോ ഗ്രാമത്തിലും പോയി സുവിശേഷം അറിയിക്കുകയും, സഭകളിൽ സന്ദേശം അറിയിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവരിലൂടെ കർത്താവ് അനേകം സാക്ഷികളെ എഴുന്നേൽപ്പിക്കുന്നു. 2024 ഫെബ്രുവരി മുതൽ ജൂൺ വരെ പരിശീലനം നേടി, 2024 ജൂലൈ മുതൽ 2025 നവംബർ വരെ 7 സോണുകളിലും കർണാടകയിലുമുള്ള 180 ഗ്രാമങ്ങൾ സന്ദർശിക്കുകയും, 71,536 പേരോട് സുവിശേഷം അറിയിക്കുകയും ചെയ്തു. 71 സഭകളിൽ ഉണർവിന്റെ ആവശ്യകതയെക്കുറിച്ച് അറിയിക്കുകയും, ഉണർവിലേക്ക് നയിക്കുകയും ചെയ്തു. ഈ യോഗങ്ങൾക്കായി 9599 മണിക്കൂർ പ്രാർത്ഥിച്ചു.

# Revival IGNiTERS

## Monthly Fellowship

യൗവനക്കാരെ കർത്താവിനുവേണ്ടി തീക്ഷ്ണതയുള്ള സൈന്യമായി എഴുന്നേൽപ്പിക്കുവാനും, അവർ എഴുന്നേറ്റ് ശുശ്രൂഷ ചെയ്യുവാനും, എല്ലാ മാസവും തമിഴ്നാട്ടിലെ 36 സ്ഥലങ്ങളിലും, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിലെ 5 സ്ഥലങ്ങളിലും ആകെ 41 സ്ഥലങ്ങളിൽ **Igniters** യുവജന യോഗം നടത്തപ്പെടുന്നു. **Igniters** എല്ലാ മാസവും തങ്ങളുടെ ദേഹിയിലും, ആത്മാവിലും പുതിയ ശക്തി പ്രാപിച്ച്, തങ്ങളുടെ ഗ്രാമങ്ങളിൽ പോയി തീവ്രമായി സുവിശേഷം അറിയിച്ച് ആത്മാക്കളെ നേടിവരുന്നു. എല്ലാ മാസവും 1600 **Igniters** ഒത്തുചേർന്ന് പ്രാർത്ഥിക്കുന്നു.

2026ൽ തെലുങ്കാനയിലും കേരളത്തിലും യോഗം ആരംഭിക്കുവാൻ പദ്ധതിയിടുകയും പ്രാർത്ഥിക്കുകയും ചെയ്തുവരുന്നു.












# Achievers


(പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായുള്ള യോഗം)

എല്ലാ വർഷവും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി **Achievers** യോഗം നടന്നുവരുന്നു. 2025-ൽ തമിഴ്നാട്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഈ യോഗം നടത്തുവാൻ കർത്താവ് കൃപ നൽകി. പരീക്ഷയെക്കുറിച്ച് ആശങ്കയുള്ളവരും ആത്മവിശ്വാസം നഷ്ടപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ള ആലോചനകളും, മെഡിക്കൽ ടിപ്സും മറ്റ് ആലോചനകളും നൽകി അവരെ പ്രോത്സാഹിപ്പിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.



കഴിഞ്ഞ വർഷം 2025ൽ 15 സ്ഥലങ്ങളിലായി നടന്ന **Achievers** യോഗത്തിലൂടെ 7487 വിദ്യാർത്ഥികൾ അനുഗ്രഹിക്കപ്പെട്ടു.

കർത്താവിന് മഹത്വം!



# മൗണ്ട് സിനായ്

## (ഏകദിന യുവജന ഉപവാസ യോഗം)

## 2025





അന്ത്യകാല ഉണർവിൽ യുവജനങ്ങൾ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവരായി, നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളോട് സുവിശേഷം അറിയിക്കുകയും ഏലിയാവിനെപ്പോലെ കർത്താവ് ദൈവമെന്ന് തെളിയിക്കുന്ന സൈന്യമായി എഴുന്നേൽക്കണം എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ മൗണ്ട് സിനായ് (യുവജനങ്ങൾക്കായുള്ള ഏകദിന ഉപവാസ പ്രാർത്ഥന) കഴിഞ്ഞ15 വർഷമായി ദീപാവലി ദിവസത്തിൽ പല സ്ഥലങ്ങളിൽ നടന്നുവരുന്നു. ഈ വർഷവും ദൈവകൃപയാൽ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, പോണ്ടിച്ചേരി, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി 33 സ്ഥലങ്ങളിൽ മൗണ്ട് സിനായ് യോഗം സംഘടിപ്പിച്ചു. ഇതിൽ ഏകദേശം 6500 യുവജനങ്ങൾ ഒരു ദിവസം മുഴുവനും ഉപവാസത്തോടെ ദേശത്തിനുവേണ്ടി ഇടുവിൽ നിന്ന് പ്രാർത്ഥിക്കുവാൻ ഒത്തുകൂടി. കർത്താവിന്റെ നാമം മഹത്വപ്പെട്ടു!





# സ്കൂൾ കോളേജ് യോഗം





തെക്കൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ 79 സ്കൂളുകളും കോളേജുകളും സന്ദർശിച്ച് വിദ്യാർത്ഥികളോട് യേശുവിന്റെ സ്നേഹം പങ്കുവയ്ക്കുവാനും, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുവാനും, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ച് അവരും നേട്ടക്കാരായി മാറുവാനുള്ള ആലോചനകൾ നൽകി അവർക്കായി പ്രാർത്ഥിക്കുവാനും കർത്താവ് കൃപ നൽകി.  ഈ വർഷം മാത്രം 21,677 വിദ്യാർത്ഥികളോട് യേശുവിന്റെ സ്നേഹം അറിയിക്കുവാൻ കർത്താവ് വാതിൽ തുറന്നുതന്നു.










# Youth FESTIVALS




ഉണർവ് പ്രഖ്യാപിക്കുവാനായി കർത്താവിന്റെ ദാസന്മാർക്ക് കർത്താവ് നൽകിയ പദ്ധതിപ്രകാരം കഴിഞ്ഞ മെയ് മാസം 3-ാം തിയതി മുതൽ 10-ാം തിയതി വരെ നാലുമാവടി ദൈവഭവനത്തിൽ വച്ച് 50 ഉത്സവങ്ങൾ നടത്തുവാൻ കർത്താവ് കൃപ നൽകി.

ഇതിൽ യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി യുവജനോത്സവം നടത്തണമെന്ന കർത്താവിന്റെ ഹിതപ്രകാരം 7 ദിവസങ്ങൾ ഡേവിഡ് ഓഡിറ്റോറിയത്തിൽ വച്ച് ഓരോ വിഷയത്തിൽ അന്ത്യകാല ഉണർവിനായുള്ള സന്ദേശങ്ങൾ നൽകപ്പെട്ടു. ഓരോ ദിവസവും ഏകദേശം 600 യുവജനങ്ങൾ പങ്കെടുത്തു. 7 ദിവസങ്ങളിൽ പങ്കെടുത്ത 4143 യുവജനങ്ങളിൽ 242 പേർ യേശുവിനെ സ്വന്ത രക്ഷകനായി സ്വീകരിച്ചു. 240 പേരെ കർത്താവ് തന്റെ ആത്മാവിനാൽ അഭിഷേകം ചെയ്തയച്ചു. വിവിധ പാപങ്ങളും പ്രശ്നങ്ങളുമായി വന്ന യുവജനങ്ങൾക്ക് വേണ്ടി കൗൺസിലിംഗ് നൽകി പ്രാർത്ഥിച്ചതിലൂടെ 518 പേർ പൂർണ്ണ വിടുതൽ പ്രാപിച്ച് കടന്നുപോയി.

അതുമാത്രമല്ല, 6-ാം തിയതി വൈകുന്നേരം 6.00 മണി മുതൽ 9.00 മണി വരെ ദൈവഭവനത്തിൽ വച്ച് നടത്തപ്പെട്ട പ്രത്യേക യുവജന മഹോത്സവത്തിൽ ഏകദേശം 6000 യുവജനങ്ങൾ പങ്കെടുത്തു. അതിൽ സഹോദരൻ മോഹൻ സി. ലാസറസ് "യോസേഫ് ഫലവത്തായ മുന്തിരിവള്ളി" എന്ന തലക്കെട്ടിൽ സന്ദേശം നൽകി യുവജനങ്ങളെ ഉണർവ് ദർശനത്തോട് ചേർന്ന് ഓടുവാൻ പ്രോത്സാഹിപ്പിച്ച് പ്രാർത്ഥിച്ച് അയച്ചു. കർത്താവിന് മഹത്വമുണ്ടാകട്ടെ!!

# വരുവിൻ പ്രാർത്ഥിക്കാം!

## ജനുവരി 2026




ബീഹാറിന്റെ മുഖ്യമന്ത്രിയായി പത്താം തവണ സത്യപ്രതിജ്ഞ ചെയ്ത ബഹുമാനപ്പെട്ട നിതീഷ് കുമാറിനും 26 മന്ത്രിമാർക്കും കർത്താവിന്റെ സംരക്ഷണമുണ്ടാകുവാനും, നല്ല ഭരണത്തിനും വേണ്ടി പ്രാർത്ഥിക്കുവിൻ.



യുദ്ധം അവസാനിച്ചതിനുശേഷവും ഗാസയിൽ ഇസ്രായേൽ നടത്തിയ ആക്രമണങ്ങളിൽ 280 പേർ കൊല്ലപ്പെട്ടു. ദീർഘകാലമായി തുടരുന്ന യുദ്ധം അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.



ഇന്തോനേഷ്യയിലുണ്ടായ മണ്ണിടിച്ചിലിൽ 18 പേർ മരണപ്പെട്ടു. 34 പേർ കാണാതെയായി. മണ്ണിടിച്ചിലിൽ 10 മുതൽ 25 അടി വരെ താഴ്ചയിൽ ജനങ്ങൾ കുടുങ്ങി. അവരുടെ കുടുംബങ്ങൾക്ക് ആശ്വാസം ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.



ഏഷ്യയിലും ആഫ്രിക്കയിലും 97% റാബിസ് വൈറസുകളും നായ്ക്കളിലൂടെയാണ് പടരുന്നത്. ഓരോ വർഷവും 60,000 പേർ മരിക്കുന്നു. പേപ്പട്ടികളുടെ കടിയേറ്റവർ സംരക്ഷിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.



കഴിഞ്ഞ രണ്ട് മാസത്തിനിടെ നൈജീരിയയിൽ 25 ക്രൈസ്തവർ തീവ്രവാദികളാൽ കൊല്ലപ്പെട്ടു. നൈജീരിയയിൽ ക്രൈസ്തവർക്കെതിരെ നടക്കുന്ന പീഡനങ്ങളും കൊലപാതകങ്ങളും അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.



**കഴിഞ്ഞ 10 വർഷത്തിനിടെ, ഡൽഹിയിൽ ഏകദേശം 1,841,84 ലക്ഷം കുഞ്ഞുങ്ങൾ കാണാതായതായും, അതിൽ 50,771 കുഞ്ഞുങ്ങളെ ഇതുവരെ കണ്ടെത്തിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 12നും 18നും ഇടയിൽ പ്രായമുള്ള കുഞ്ഞുങ്ങളെയാണ് ഏറ്റവും കൂടുതൽ നഷ്ടമായത്. പെൺകുട്ടികളാണ് അധികമായി കാണാതായിട്ടുള്ളത്. 2025 ജനുവരി മുതൽ ഒക്ടോബർ വരെ പത്ത് മാസത്തിനുള്ളിൽ മാത്രം 14,828 കുഞ്ഞുങ്ങളെ കാണാതായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുഞ്ഞുങ്ങളെ കണ്ടുകിട്ടുവാനായി പ്രാർത്ഥിക്കുവിൻ.**



ഇന്ത്യയിൽ ഏറ്റവും കൂടുതൽ വായു മലിനീകരണമുള്ള നഗരം ന്യൂഡൽഹിയാണ്. ഇന്ത്യയിലെ വായു മലിനീകരണത്തിന് കാരണം 50% ഫാക്ടറികളും, 27% വാഹനങ്ങളും 17% ഇന്ധനം കത്തിക്കുന്നതും, 7% പാചകവാതകം ഉപയോഗിക്കുന്നതുമാണ്. വായു മലിനീകരണത്തിലൂടെ ഇന്ത്യയിൽ ഏകദേശം 17 ലക്ഷം ജനങ്ങൾ മരിക്കുന്നു. വായു മലിനീകരണത്തിൽ നിന്ന് ഇന്ത്യ സംരക്ഷിക്കപ്പെടുവാനും അമിതമായ മലിനീകരണം പുറപ്പെടുവിക്കുന്ന ഫാക്ടറികൾക്കെതിരെ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുവാനും പ്രാർത്ഥിക്കുവിൻ.



**8.2 ബില്യൺ ജനസംഖ്യയുള്ള ലോകത്തിൽ, ഓരോ വർഷവും 1.35 മില്യൺ ജനങ്ങൾ റോഡപകടങ്ങളിൽ മരിക്കുന്നു. റോഡപകട മരണങ്ങളുടെ എണ്ണത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. റോഡ് മാർഗങ്ങളിലൂടെയുള്ള എല്ലാ വാഹനാപകടങ്ങളും പൂർണ്ണമായും അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.**



**2025ൽ ടിബറ്റിൽ ഉണ്ടായ ഭൂകമ്പത്തിൽ 126 പേരും, മ്യാൻമാറിൽ 5,456 പേരും അഫ്ഗാനിസ്ഥാനിൽ 600ലധികം പേരും, ബംഗ്ലാദേശിൽ 6 പേരും, ഫിലിപ്പീൻസിൽ 31 പേരും എന്നിങ്ങനെ ആയിരക്കണക്കിന് പേർ മരിച്ചു. ഈ വർഷം ഇത്തരം പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാതെ കർത്താവ് നമ്മെ സംരക്ഷിക്കുവാനായി പ്രാർത്ഥിക്കുവിൻ.**

# മറ്റ് സംസ്ഥാനങ്ങളിലെ ശുശ്രൂഷകൾ



2025ൽ ദൈവത്തിന്റെ കൃപയാൽ വടക്കേ ഇന്ത്യയിലെ കൊൽക്കത്ത, ബീഹാർ, പൂനെ എന്നീ സംസ്ഥാനങ്ങളിലെ യുവജനങ്ങൾക്കായി പ്രത്യേക യോഗങ്ങളും സുവിശേഷ ശുശ്രൂഷകളും നടത്തപ്പെട്ടു. ഏകദേശം 2102 പേർ ക്രിസ്തുവിൽ നിലനിൽക്കുവാനും തങ്ങളുടെ പ്രദേശത്ത് കർത്താവിനുവേണ്ടി എഴുന്നേറ്റ് പ്രകാശിക്കുവാനും പ്രയോജനപ്പെടുവാനും സമർപ്പിക്കപ്പെട്ടു.

വടക്കേ ഇന്ത്യൻ പ്രദേശങ്ങളിൽ കർത്താവ് ധാരാളം യുവജനങ്ങളെ എഴുന്നേൽപ്പിച്ച്, അവരിലൂടെ ഉണർവിന്റെ അഗ്നി പിപ്പിച്ചുകൊണ്ടിരിക്കുന്നു.







കർണാടകയിലെ ബാംഗ്ലൂരിൽ
നടന്ന യുവജന ഉണർവ്
യോഗത്തിൽ 309
യുവജനങ്ങളെ
സന്ദർശിക്കുവാൻ
കർത്താവ് കൃപ നൽകി.





**ആന്ധ്രാ**
**സംസ്ഥാനത്തിൽ**





900 യുവജനങ്ങൾക്ക്
യുവജന ഉണർവ് യോഗം
നടത്തുവാൻ കർത്താവ്
കൃപ നൽകി.





ഈ യോഗങ്ങളിലൂടെ
അനുഗ്രഹിക്കപ്പെട്ട യുവജനങ്ങൾ
എല്ലാ മാസവും നടക്കുന്ന
യോഗങ്ങളിൽ പങ്കെടുക്കുകയും
അവരുടെ പ്രദേശങ്ങളിൽ
കർത്താവിനുവേണ്ടി തീവ്രമായി ശുശ്രൂഷ
ചെയ്തുവരുന്നു.


കർത്താവിന് മഹത്വമുണ്ടാകട്ടെ!






# ടെലിവിഷൻ ശുശ്രൂഷ










യേശു വിടുവിക്കുന്നു യുവജന ശുശ്രൂഷയിലൂടെ ഗാനാരാധന, സാക്ഷികൾ, ഹ്രസ്വനാടകങ്ങൾ, സ്വപ്നപാത, സത്യം അറിയുക, സഹോ. മോഹൻ സി. ലാസറസ് പ്രത്യേക സന്ദേശം പോലുള്ള യുവജനങ്ങൾക്കായുള്ള നിരവധി പ്രത്യേക പരിപാടികൾ യേശു വിടുവിക്കുന്നു സോഷ്യൽ മീഡിയയിലൂടെയും, സത്യം ടിവിയിലൂടെയും എല്ലാ ആഴ്ചയും സംപ്രേക്ഷണം ചെയ്യുന്നു. (സത്യം ടിവിയിൽ എല്ലാ ശനിയാഴ്ചയും രാവിലെ 6.30 മണിക്കും, യേശു വിടുവിക്കുന്നു സോഷ്യൽ മീഡിയയിൽ 7 മണിക്കും സംപ്രേക്ഷണം ചെയ്യുന്നു). കഴിഞ്ഞ വർഷം ആരാധനയും അനുഭവവും, വാദം സംവാദം Talk Show, ഉണർവ് പാതകൾ പോലുള്ള രസകരമായ പരിപാടികൾ പുതിയതായി സംപ്രേക്ഷണം ചെയ്തു. കഴിഞ്ഞ വർഷം (2025) മാത്രം 14,85,802 പേർ ഈ പരിപാടികൾ കണ്ട് പ്രയോജനം ഉണ്ടായി. എല്ലാ മാസവും അവസാന ഞായറാഴ്ച നടക്കുന്ന Revival Igniters പരിപാടി തത്സമയം സംപ്രേക്ഷണം ചെയ്യുന്നതിലൂടെ ഏകദേശം 10,000 യുവജനങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. 5-ാമത്തെ ഞായറാഴ്ച കന്നഡയിലും ഹിന്ദിയിലും പരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നുണ്ട്.

കർത്താവിന് മഹത്വമുണ്ടാകട്ടെ!

